പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1396 — 11.06.2019-ൽ മറുപടിക്ക്

ചൂർണ്ണിക്കരയിലെ തണ്ണീർത്തടം പുരയിടമാക്കുവാനുള്ള വ്യാജ ഉത്തരവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ചൂർണ്ണിക്കരയിൽ തണ്ണീർത്തടം പുരയിടമാക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണറുടെ വ്യാജ ഉത്തരവ് തയ്യാറാക്കിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്ത മാക്കാമോ; | (എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജിൽ നിലം നികത്തുന്നതിനായി കൃത്രിമ രേഖ ചമച്ചുവെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടന്ന നിലം നികത്തലുകളെക്കുറിച്ച് റവന്യൂ വകുപ്പ് പ്രാഥമിക പരിശോധന നടത്തിയിരുന്നു.<br>കൂടാതെ വ്യാജ ഉത്തരവും വ്യാജ ഒപ്പും ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ക്രിമിനൽ നടപടി നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് പോലീസിന് വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടേയും, ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും വ്യാജ ഉത്തരവുകൾ ചമക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ഉണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ക്രിമിനൽ നടപടി നിയമ പ്രകാരം പോലീസ് അന്വേഷണവും, ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തിരമുള്ള തുടർ നടപടികളും നടന്നു വരുന്നു. ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ട്. |
| (ബി) തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വരുത്തിയ ഭേദഗതിയുടെ മറവിൽ നടത്തുന്ന ഇത്തരം തട്ടിപ്പുകൾ സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും നടന്നിട്ടുണ്ടോ എന്നുള്ള പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) കേരള ഭൂവിനിയോഗ ഉത്തരവ് , കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം എന്നിവ പ്രകാരം 01.01.2018 മുതൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റുകൾ, ആർ.ഡി. ഓഫീസുകൾ എന്നിവിടങ്ങളിൽ തീർപ്പാക്കിയിട്ടുള്ള ഫയലുകളിൽ അനുവദിച്ചതും നിലവിൽ നടപടിയിൽ ഇരിക്കുന്നതുമായ കേസുകൾ സംബന്ധിച്ച എല്ലാ വിവരങ്ങളും ശേഖരിച്ച് പരിശോധിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം തട്ടിപ്പുകളിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (സി) | വ്യാജ ഉത്തരവുകൾ ചമച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിന് ഉണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ക്രിമിനൽ നടപടി നിയമ പ്രകാരം പോലീസ് അന്വേഷണവും, ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തിരമുള്ള തുടർ നടപടികളും സ്വീകരിച്ചു വരുന്നു. കുറ്റക്കാരായ എല്ലാപേർക്കും എതിരെ കർശന നടപടികൾ സ്വീകരിക്കും. |

**സെക്ഷൻ ഓഫീസർ**